# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1705 — 06-03-2017 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം ഫിഷിംഗ് ഹാർബർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വിൻസെന്റ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട ചിപ്പി തൊഴിലാളികളുടെയും കമ്പവല തൊഴിലാളികളുടെയും മത്സ്യതൊഴിലാളികളുടെയും പുനരധിവാസ പാക്കേജ് നടപ്പിലാക്കുവാൻ എന്തൊക്കെ ചെയ്തുവെന്ന് അറിയിക്കുമോ ; | (എ) | ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഒന്നാം ഘട്ട പുനഃരധിവാസ പാക്കേജിന്റെ ഭാഗമായി 120 കരമടി മത്സ്യത്തൊഴിലാളികൾക്കും 184 ചിപ്പിത്തൊഴിലാളികൾക്കുമായി നാളിതുവരെ 14,32,12,800/- രൂപ (പതിനാല് കോടി മുപ്പത്തി രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധന പൂർത്തീകരിച്ച് സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതിൽ അന്തിമ തീരുമാനം ഉടനെ കൈക്കൊള്ളുന്നതാണ്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസത്തിന് എത്ര തുക അനുവദിച്ചുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര പേർക്ക് തുക നൽകാനുണ്ടെന്നും വിശദമാക്കാമോ ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസത്തിനായി 01.03.2016 തീയതിയിൽ സ.ഉ(കൈ)നം.7/2016/മതുവ നമ്പർ പ്രകാരം 23,80,38,200/- (ഇരുപത്തിമൂന്ന് കോടി എൺപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 20,38,52,800/- രൂപ (ഇരുപത് കോടി മുപ്പത്തിയെട്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്നവരെ സംബന്ധിച്ച രേഖകളുടെ പരിശോധന പൂർത്തീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ